# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1501** **13/6/2014** ൽ മറുപടിയ്ക്ക്

## റബ്ബർ വിലയിൽ വന്ന കുറവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | റബ്ബർ വിലയിടിവുമൂലം കഷ്ടത അനുഭവിക്കുന്ന റബ്ബർ കർഷകരുടെ വിഷമതകൾ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2011-ൽ റബ്ബർ കർഷകർക്ക് ഒരു കിലോ റബ്ബറിന് എത്ര രൂപ വിപണിയിൽ നിന്ന് ലഭിച്ചിരുന്നു; | (ബി) | 2011 ൽ റബ്ബറിന്റെ (ആർ എസ് എസ് 4) വിപണിവില കിലോഗ്രാമിന് 216.76 രൂപയായിരുന്നു. |
| (സി) | നിലവിൽ ഒരു കിലോ റബ്ബറിന് എന്ത് വിലയാണുള്ളത്; | (സി) | 2014 ജൂൺ ആദ്യവാരത്തിൽ റബ്ബറിന്റെ (ആർ എസ് എസ് 4) വില കിലോഗ്രാമിന് 145.10 രൂപയാകുന്നു. |
| (ഡി) | ഇത്തരത്തിൽ റബ്ബർ വില കുറയാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | (ഡി) | അന്താരാഷ്ട്ര മാർക്കറ്റിൽ സ്വാഭാവിക റബ്ബറിന് ആഭ്യന്തര വിപണിയേക്കാൾ വില കുറവായതിനാൽ വൻകിട ആഭ്യന്തര ഉപഭോക്താക്കൾ ഇറക്കുമതിയെ കൂടുതലായി ആശ്രയിക്കുന്നതും, കയറ്റുമതിയുടെ അഭാവവുമാണ് ഇപ്പോഴത്തെ വിലയിടിവിന് കാരണമായി കാണുന്നത്. |
| (ഇ) | ആയത് പരിഹരിച്ച് ഉയർന്ന വില റബ്ബർ കർഷകന് ലഭ്യമാക്കാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഇ) & (എഫ്) | സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നു നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനായി 25/02/2014 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) |

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

റബ്ബർ വിലയിടിവ് നേരിടുവാൻ ഇറക്കുമതി നിയന്ത്രണം ഉൾപ്പെടെ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാരിനോട് പല പ്രാവശ്യമായി ഇതിനെ സംബന്ധിച്ച നിവേദനങ്ങൾ നൽകിയിട്ടുണ്ട്. റബ്ബറിന്റെ ഇറക്കുമതി തീരുവ കൂട്ടുവാനും സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാനും റബ്ബറിന് കയറ്റുമതി സബ്സിഡി ഏർപ്പെടുത്തി കയറ്റുമതി വർദ്ധിപ്പിക്കുവാനും നിവേദനങ്ങളിലൂടെ ആവശ്യപ്പെടുകയും ഇതനുസരിച്ച് 2013 ഡിസംബർ 20 മുതൽ ഇറക്കുമതി തീരുവ 20 ശതമാനമോ 30 രൂപയോ ഏതാണോ കുറവ് ആ നിരക്ക് എന്നതാക്കി വർദ്ധിപ്പിച്ചിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ**